

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ



## 23. ഗുരുവായൂർ സത്യാഗ്രഹം

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

23 ഗുരുവായൂർ സത്യാഗ്രഹം . . . . . . . . . . . . . . . . . . 1

## 23

# ഗുരുവായൂർ സത്യാഗ്രഹം

സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടുകൊണ്ടിരുന്ന ഒരു ഘട്ടത്തിൽ അതിനെ പെട്ടെന്ന് പൻവലിക്കുകയും ശത്രുക്കളുമായി സന്ധിക്ക് ഒരുങ്ങുകയും ചെയ്ത മഹാത്മാഗാന്ധിയുടെ നയത്തിൽ അനേകം കോൺഗ്രസ്സുകാർ, പ്രത്യേകിച്ചും യുവാക്കന്മാരും തീവ്രവാദ ചിന്താഗതികളുള്ളവരുമായ കോൺഗ്രസ്സുകാർ, അസംതൃപ്തി പ്രകടിപ്പിച്ചു. സന്ധിക്കു ശേഷമാണ്, മാർച്ച് 23-ാം ന് ഭഗത്സിംഗ്, രാജഗുരു, സുഖദേവ് എന്നീ വിപ്ലവകാരികൾ തൂക്കിക്കൊല്ലപ്പെട്ടത്. അവരുടെ മൃതശരീരങ്ങൾ ബന്ധുക്കൾക്ക് വിട്ടുകൊടുക്കാൻപോലും അധികാരികൾ കൂട്ടാക്കിയില്ല. ഇത് യുവാക്കന്മാരുടെ അസംതൃപ്തിയെ കൂടുതൽ വർദ്ധിപ്പിച്ചു. കേരളത്തിൽ കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, ഹോസ്ദുർഗ്, തളിപ്പറമ്പ്, വടകര, കൊയിലാണ്ടി, പാലക്കാട്, എറണാകുളം എന്നിങ്ങനെ ഒട്ടുവളരെ സ്ഥലങ്ങളിൽ പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും ഹർത്താലുകളും ഉണ്ടായി.

1931 മാർച്ച് അവസാനത്തിൽ കറാച്ചിയിൽവച്ച് വല്ലഭായി പട്ടേലിന്റെ അദ്ധ്യക്ഷതയിൽ കോൺഗ്രസ്സിന്റെ നാൽപത്തിഅഞ്ചാം സമ്മേളനം കൂടി. ഗാന്ധി ഇർവിൻ സന്ധിയിലെ വ്യവസ്ഥകളെ സമ്മേളനം അംഗീകരിക്കുകയും രണ്ടാം വട്ടമേശ സമ്മേളനത്തിൽ കോൺഗ്രസ്സിന്റെ പ്രതിനിധിയായി പങ്കുകൊള്ളാൻ ഗാന്ധിജിയെ അധികാരപ്പെടുത്തുകയും ചെയ്തു. എന്നാൽ, വട്ടമേശ സമ്മേളനത്തിന്റെ തീരുമാനങ്ങൾ ഇൻഡ്യയുടെ പരിപൂർണ്ണ സ്വാതന്ത്ര്യലബ്ധിക്ക് വിഘാതമാകരുതെന്നും ബ്രിട്ടീഷ് സാമ്രാജ്യവുമായുള്ള ബന്ധം എപ്പോൾ വേണമെങ്കിലും വേർപെടുത്താൻ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും സൈനികവും സാമ്പത്തികവും വിദേശകാര്യപരവുമായ നിയന്ത്രണാധികാരം ഉൾപ്പെടാത്ത യാതൊരു വ്യവസ്ഥയേയും അനുകൂലിക്കാൻ പാടില്ലെന്നും പ്രമേയത്തിൽ നിർദ്ദേശിച്ചിരുന്നു.

കറാച്ചി സമ്മേളനത്തിൽവച്ചാണ് കോൺഗ്രസ്സിന്റെ സുപ്രസിദ്ധമായ മൗലികാവകാശപ്രമേയം പാസ്സാക്കപ്പെട്ടത്. സമ്മേളനസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം, സ്ത്രീപുരുഷസമത്വം മുതലായവയ്ക്കു പുറമേ തൊഴിലാളികളുടേയും കൃഷിക്കാരുടേയും പല ആവശ്യങ്ങളേയും പ്രമേയത്തിൽ അംഗീകരിക്കുകയുണ്ടായി. ഉപജീവനത്തിന് പര്യാപ്തമായ കൂലിനിരക്ക് അനുവദിക്കുക, വാർദ്ധക്യകാലത്തും രോഗം, തൊഴിലില്ലായ്മ മുതലായവ പിടിപെടുമ്പോഴും അവർക്ക് സംരക്ഷണം നൽകുക, തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പണിമുടക്കുമ്പോൾ ഗവൺമെൻറ് മുതലാളികളെ സഹായിക്കുകയോ പോലീസിനെയോ പട്ടാളത്തെയോ അയച്ച് തൊഴിലാളികളെ ദ്രോഹിക്കുകയോ ചെയ്യാതെ നിഷ്പക്ഷത പാലിക്കുക, കൃഷിക്കാരുടെ പാട്ടവും നികുതിയും കുറയ്ക്കുക, സ്വന്തമായി കൃഷിചെയ്യാൻ സാധിക്കുന്നതിലുമധികം ഭൂമി കൈവശംവയ്ക്കാൻ ആരെയും അനുവദിക്കാതിരിക്കുക, അടിസ്ഥാന വ്യവസായങ്ങൾ ദേശസാൽക്കരിക്കുക എന്നിങ്ങനെയുള്ള അതിപ്രധാനങ്ങളായ പല മൗലികാവശ്യങ്ങളും പ്രമേയത്തിൽ അടങ്ങിയിരുന്നു. ഈ പ്രമേയത്തെപ്പറ്റി പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു ഇങ്ങിനെ എഴുതുകയുണ്ടായി:

> "ഇതേവരെ കേവലം രാഷ്ട്രീയമാർഗ്ഗങ്ങളിലൂടെയേ കോൺഗ്രസ്സ് ചിന്തിച്ചിട്ടുള്ളൂ. കുടിൽ വ്യവസായങ്ങളേയും പൊതുവിൽ സ്വദേശിയേയും പ്രോത്സാഹിപ്പിക്കുക എന്നതിൽ കവിഞ്ഞ സാമ്പത്തിക പ്രശ്നങ്ങളെ നേരിടാതെ ഒഴിഞ്ഞു കളയുകയാണ് ഉണ്ടായിട്ടുള്ളത്. മൗലിക വ്യവസായങ്ങളും സർവ്വീസുകളും ദേശീയമാക്കിത്തീർക്കണമെന്നും ദരിദ്രരുടെമേൽ ഭാരം കുറയ്ക്കുകയും ധനികരുടെമേൽ വർദ്ധിപ്പിക്കുകയും ചെയ്യുവാനുള്ള മറ്റുപല നടപടികളും എടുക്കണമെന്നും വാദിക്കുകയാൽ കറാച്ചിപ്രമേയത്തിൽ അത് സോഷ്യലിസ്റ്റ് മാർഗ്ഗത്തിലൂടെ ഒരടി, ഒരു ചെറിയ അടി, മുമ്പോട്ടുവച്ചു. ഇത് സോഷ്യലിസമല്ല. ആ പ്രമേയത്തിലടങ്ങിയ ഏതാണ്ട് എല്ലാം തന്നെ ഒരു മുതലാളിരാഷ്ട്രത്തിന് എളുപ്പത്തിൽ അംഗീകരിക്കാവുന്നതേയുള്ളൂ."

ഗാന്ധി-ഇർവിൻ സന്ധിയനുസരിച്ച് സമാധാനപരമായി കള്ളുഷാപ്പുകൾ പിക്കറ്റു ചെയ്യാൻ കോൺഗ്രസ്സിന് അനുവാദം കിട്ടിയിരുന്നു. കേരളത്തിലും പിക്കറ്റിംഗ് നടന്നു.

1931 മേയ് ആരംഭത്തിൽ വടകരയിൽ വച്ച് ശ്രീ. സെൻഗുപ്തയുടെ അദ്ധ്യക്ഷതയിൽ അഞ്ചാം കേരളസംസ്ഥാന സമ്മേളനം നടന്നു. കറാച്ചി സമ്മേളനത്തിൽ പാസ്സായ പ്രാഥമിക പൗരാവകാശപ്രമേയം നാട്ടുരാജ്യപ്രജകൾക്കും ബാധകമായിരിക്കണമെന്നും, നാട്ടുരാജ്യങ്ങളിൽ ഉടൻ തന്നെ സമ്പൂർണ്ണമായ ഉത്തരവാദിത്വഭരണം സ്ഥാപിക്കുന്നതിനുള്ള സ്പഷ്ടമായ വ്യവസ്ഥകൾ പുതിയ ഫെഡറൽ ഭരണഘടനയിൽ ഉണ്ടായിരിക്കണമെന്നും, ഏതൊരു ഗവൺമെൻറു ജീവനക്കാരനും ചുരുങ്ങിയത് 30 ഉറുപ്പികയെങ്കിലും പ്രതിമാസം ലഭിക്കുവാൻ വ്യവസ്ഥയുണ്ടായിരിക്കണമെന്നും, ഹൈന്ദവക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പല പ്രധാന പ്രമേയങ്ങളും പാസ്സാക്കപ്പെട്ടു. രാഷ്ട്രീയ സമ്മേളനത്തോട് അനുബന്ധിച്ചുതന്നെ ശ്രീ. കെ. എഫ്. നരിമാന്റെ അദ്ധ്യക്ഷതയിൽ ഒരു അഖിലകേരള വിദ്യാർത്ഥി സമ്മേളനവും ശ്രീ. ടി. പ്രകാശത്തിന്റെ അദ്ധ്യക്ഷതയിൽ രാഷ്ട്രീയ തടവുകാരുടെ ഒരു സമ്മേളനവും കൂടുകയുണ്ടായി. രാഷ്ട്രീയ തടവുകാരുടെ സമ്മേളനത്തിൽവച്ച് 1921-ലെ മരണവണ്ടിയുടെ ഒരു സ്മാരകം സ്ഥാപിക്കാൻ വേണ്ട ഏർപ്പാടു ചെയ്യുന്നതിന് ഒരു കമ്മിറ്റിയെ രൂപീകരിക്കുകയുണ്ടായി. പക്ഷേ, പിന്നീടത് പ്രവൃത്തിയിൽ വന്നില്ല. എന്നാൽ, രാഷ്ട്രീയ സമ്മേളനം പാസ്സാക്കിയ ക്ഷേത്രപ്രവേശനപ്രമേയം ഏറെക്കഴിയുന്നതിനുമുൻപുതന്നെ ഒരു വലിയ സമരമായി രൂപാന്തരപ്പെട്ടു.

അധഃകൃതർ ഉൾപ്പെടെ എല്ലാ ഹിന്ദുക്കളുടേയും ക്ഷേത്രപ്രവേശനാവകാശത്തെ സ്ഥാപിക്കാൻവേണ്ടി നവംബർ 1-ാം തീയതി മുതൽ ഗുരുവായൂർ ക്ഷേത്രനടയിൽ സത്യാഗ്രഹമാരംഭിക്കേണ്ടതാണെന്ന് ആഗസ്റ്റ 3-ാം തീയതി കൂടിയ കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റിയുടെ യോഗം തീരുമാനിച്ചു.

കേരളത്തിലെ പല ഭാഗങ്ങളിലും ക്ഷേത്രപ്രവേശനസത്യാഗ്രഹത്തിന് പിൻതുണ വാഗ്ദാനം ചെയ്തുകൊണ്ടും അധഃകൃതർക്ക് ക്ഷേത്രം തുറന്നുകൊടുക്കാൻ സാമൂതിരിപ്പാടിനോട് അഭ്യർത്ഥിച്ചുകൊണ്ടുമുള്ള പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു. സെപ്റ്റംബർ 25-ാം തീയതി ക്ഷേത്രസത്യാഗ്രഹദിനമായി കൊണ്ടാടപ്പെട്ടു. ക്ഷേത്രം തുറന്നുകൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യയുടെ പല ഭാഗങ്ങളിൽ നിന്നും സാമൂതിരിപ്പാടിന് അനേകം കമ്പികൾ കിട്ടി. നാട്ടുകാരുടെ ഉത്സാഹം വർദ്ധിച്ചു.

സത്യാഗ്രഹം നടത്താൻ വേണ്ടി ഒരു ജാഥ കണ്ണൂരിൽ നിന്നും കാൽനടയായി പുറപ്പെട്ടു. വഴിനീളെ അവർക്ക് ഗംഭീരമായ സ്വീകരണങ്ങളും വിജയാശംസകളും ലഭിച്ചു. ഒക്ടോബർ 31-ാം തീയതി ജാഥ ഗുരുവായൂരിലെത്തി. നവംബർ 1-ാം തീയതി തന്നെ ശ്രീ. കെ. കേളപ്പന്റെ നേതൃതത്തിൽ സത്യാഗ്രഹസമരം ആരംഭിച്ചു. ദിവസേന രാവിലെ അയിത്ത ജാതിക്കാരെന്ന് കരുതപ്പെടുന്നവരുൾപ്പെടെയുള്ള വാളണ്ടിയർമാർ കുളിച്ച് ശുഭവസ്ത്രം ധരിച്ച് "ഹരേകൃഷ്ണാ ഹരേകൃഷ്ണാ" എന്നു ജപിച്ചുകൊണ്ട് ക്ഷേത്രനടയിലേയ്ക്ക് പോകും. അയിത്താതിർത്തിയിൽവച്ച് ക്ഷേത്രഭരണാധികാരികൾ തടയും. അവിടെ ഇടയ്ക്കിടെ ഊഴം മാറ്റിക്കൊണ്ട് വാളണ്ടിയർമാർ സത്യാഗ്രഹം അനുഷ്ഠിക്കും. മിക്ക ദിവസങ്ങളിലും വൈകുന്നേരമായാൽ പൊതുയോഗങ്ങൾ കൂടും. ഇങ്ങനെ സത്യാഗ്രഹം തുടർന്നു.

കുറച്ചു ദിവസത്തേയ്ക്ക് കുഴപ്പമൊന്നുമുണ്ടായില്ല. എന്നാൽ ഡിസംബർ 26-ാം തീയതി സത്യാഗ്രഹവാളണ്ടിയർമാരുടെ ക്യാപ്റ്റനായ ശ്രീ. ഏ.കെ. ഗോപാലനെ പത്തിരുപത് യാഥാസ്ഥിതികന്മാർ ചേർന്ന് അടിക്കുകയും ചവിട്ടുകയും കഴുത്തുപിടിച്ച് ഞെരിക്കുകയും ചെയ്തു. ഇത് അന്തരീക്ഷത്തെ ചൂടുപിടിപ്പിച്ചു. ജനങ്ങൾ ക്ഷോഭിച്ച് സത്യാഗ്രഹികളെ തടഞ്ഞു നിറുത്തിയ മുള്ളുവേലി പൊളിച്ചുനീക്കി. ക്ഷേത്രാധികാരികൾ അമ്പലം പൂട്ടിയിട്ടു. ഒരു മാസത്തോളം പൂട്ടിക്കിടന്ന ക്ഷേത്രം ജനുവരി 28-ാം തീയതി മാത്രമാണ് വീണ്ടും തുറന്നത്. സത്യാഗ്രഹം തുടർന്നുകൊണ്ടുതന്നെയിരുന്നു.

ഇങ്ങനെ സുമാർ പത്തുമാസക്കാലത്തെ സത്യാഗ്രഹത്തിനുശേഷം 1932 സെപ്റ്റംബർ 21-ാം തീയതി ശ്രീ. കേളപ്പൻ ക്ഷേത്രനടയ്ക്കൽ നിരാഹാരസത്യാഗ്രഹം ആരംഭിച്ചു. നാടെങ്ങും പൊതുയോഗങ്ങൾ കൂടി സാമൂതിരിപ്പാടിനോട് ക്ഷേത്രം തുറന്നുകൊടുക്കാൻ ആവശ്യപ്പെട്ടു. എന്നാൽ "അധഃകൃതവർഗ്ഗക്കാരെ ഇപ്പോൾ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുന്നത് യാഥാസ്ഥിതിക ഹിന്ദുക്കളുടെ മനസ്സാക്ഷിയെ വേദനിപ്പിക്കുമെന്നും അങ്ങനെ വേദനിപ്പിക്കുന്നത് ബലപ്രയോഗമായിരിക്കുമെന്നും അതുകൊണ്ട് നിരാഹാരമവസാനിപ്പിക്കാൻ കേളപ്പന് നിർദ്ദേശം കൊടുക്കണമെന്നും" ഗാന്ധിജിക്ക് കമ്പിയടിക്കുകയാണ് സാമൂതിരിപ്പാടു ചെയ്തത്.

നിരാഹാരം നിറുത്താൻ ആവശ്യപ്പെട്ടുകൊണ്ട് കേളപ്പന് ഗാന്ധിജി കമ്പിയടിച്ചു. "വ്രതം നിറുത്തിവയ്ക്കുമ്പോൾ, മൂന്നു മാസത്തിനുള്ളിൽ അധഃകൃതർക്ക് ക്ഷേത്രം തുറന്നുകൊടുക്കേണ്ടതാണെന്നും അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ എന്റെ അനുവാദത്തോടുകൂടി വീണ്ടും വ്രതം തുടങ്ങുമെന്നും നിങ്ങൾ ക്ഷേത്രഭാരവാഹികളെ അറിയിക്കണം. ഈ കാലത്തിനുള്ളിൽ ക്ഷേത്രം തുറന്നു കിട്ടുവാൻ സർവ്വശക്തികളും ഉപയോഗിച്ച് നാം പ്രവർത്തിക്കേണ്ടതുമാണ്" എന്നും ആ കമ്പി സന്ദേശത്തിൽ പറഞ്ഞിരുന്നു.

അങ്ങനെ ഒക്ടോബർ 2-ാം തീയതി കേളപ്പന്റെ നിരാഹാര വ്രതമവസാനിച്ചു.

അതിനുശേഷം ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ച് പൊന്നാനി താലൂക്കിലുള്ള ഹിന്ദുക്കളുടെ അഭിപ്രായമറിയുന്നതിനുവേണ്ടി ഒരു ഹിതപരിശോധന നടത്തപ്പെടുകയുണ്ടായി. എഴുപത്തി ഏഴ് ശതമാനം ഹിന്ദുക്കളും ക്ഷേത്രപ്രവേശനത്തിന് അനുകൂലമാണെന്ന് റഫറണ്ടം തെളിയിച്ചു.

ഗുരുവായൂർ ക്ഷേത്രം തുറപ്പിക്കാൻ സത്യാഗ്രഹത്തിന് കഴിഞ്ഞില്ല എന്നത് ശരിയാണ്. എങ്കിലും അയിത്തത്തിനെതിരായി ജനങ്ങളുടെ മനോഭാവത്തെ തട്ടിയുണർത്താനും അയിത്തത്തിന്റെ അനുകൂലികളായ നാട്ടുവാഴി ജന്മികളുടെ സ്വാധീനശക്തി കുറയ്ക്കാനും അതിനു സാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്ററചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടിഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014